വാഗ്വാര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ ബാച്ചുവീതം പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലി പ്രദേശത്ത് എസ്.എൻ.ഡി.പി., വി.എച്ച്.എസ്. എസ്., ഫാത്തിമ മാതാ ഗേൾസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലായി ആകെ ഏഴ് ഹയർ സെക്കണ്ടറി ബാച്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ മൂന്നാർ, ഗ്രഡാർവിള സർക്കാർ തമിഴ് ഹൈസ്കൂളിൽ വി.എച്ച്.എസ്.സി. ആരംഭിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

3. കാട്ടാനശല്യം

<u>ശ്രീ. എം. പി. വിൻസെന്റ്</u> : സർ, എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിന്റെ കിഴക്കൻ അതിർത്തിയിൽ 20 കിലോമീറ്ററോളം മലയോര മേഖലയാണ്. ആ മലയോര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ കാട്ടാനയും പുലികളും പന്നികളുമൊക്കെ ഇറങ്ങി വ്യാപകമായ കൃഷി നാശമുണ്ടാക്കുന്നു മാത്രമല്ല, വീടുകളിലിരിക്കുന്ന പാവപ്പെട്ട ജനങ്ങളൊക്കെ വളരെ ഭയവിഹ്വലരായിട്ടാണ് അവിടെ വസിക്കുന്നത്. പല നിയോജകമണ്ഡലങ്ങളിൽനിന്നും പല പ്രാവശ്യം ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. അതിന് മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയുമൊക്കെ നല്ല രീതിയിൽ മറുപടി തന്നിട്ടുണ്ടെങ്കിലും ഇത്തരം മൃഗങ്ങളുടെ ശല്യങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ വേണ്ട രീതിയിൽ എടുക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. പട്ടിക്കാട് റേഞ്ചിലും അതുപോലെ മാന്ദമംഗലം റേഞ്ചിൽപ്പെട്ട ചുള്ളിക്കാവ്, വെള്ളക്കാരിത്തടം, മൈലാട്ടുംപാറ, ചെളിക്കുഴി എന്നീ പ്രദേശങ്ങളിലും വ്യാപകമായി കാട്ടാനശല്യം ഉണ്ടാകുകയാണ്. അവരുടെ വീടുകൾ തകർക്കുന്നുവെന്ന് മാത്രമല്ല, കൃഷിയും നശിപ്പിക്കുകയാണ്. പാവപ്പെട്ട കർഷകരുടെ കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നില്ല. മാത്രമല്ല, ഇത്തരം കർഷകരുടെ ചെറിയ ചെറിയ വീടുകൾ നശിച്ചാൽ അതൊക്കെ എൻ.ആർ.എഫ്. ഭൂമിയാണെന്നുപറഞ്ഞ് അതിനും ഒരു നഷ്ടപരിഹാരവും കൊടുക്കാൻ സർക്കാരിന് കഴിയുന്നില്ല. വർഷങ്ങളായി അവർ പട്ടയത്തിന് അപേക്ഷിച്ചിട്ടും പട്ടയം കൊടുക്കുന്നില്ല. ഇത്തരത്തിലുള്ള ഭീകരമായ അക്രമങ്ങൾ വരുമ്പോൾ ആ ആക്രമണത്തിന് വിധേയരാകുന്ന ഇവർക്ക് ആവശ്യമായ രീതിയിലുള്ള ചെറിയ തുകപോലും കൊടുക്കാൻ സർക്കാരിന് കഴിയുന്നില്ല. ഇത് വലിയ വേദനാജനകമായ ഒരു സംഭവമാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ഫോറസ്റ്റ് ഗാർഡുകളെ നിയമിച്ച് ഇവർക്ക് വേണ്ടത്ര സംരക്ഷണ ചുമതലയുണ്ടാക്കാൻ ഫോറസ്റ്റ് മിനിസ്റ്റർ, വേണ്ട സൗകര്യം ചെയ്തു കൊടുക്കണം. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട എം. പി. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചതുപോലെ ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ സെൻട്രൽ സർക്കിളിൽപ്പെട്ട തൃശ്ശൂർ പട്ടിക്കാട് ഫോറസ്റ്റ് റേഞ്ചിനുകീഴിൽ മാന്ദാമംഗലം ഫോറസ്റ്റ് സ്റ്റേഷനിലുള്ള വല്ലൂർ, ചുള്ളിക്കാവ്, മരോട്ടിച്ചാൽ, മയിൽക്കുറ്റി, താമരവെണ്മച്ചാൽ, വെള്ളക്കാരിത്തടം എന്നീ പ്രദേശങ്ങളിൽ മണിയമ്പാറ സ്റ്റേഷനുകീഴിലുള്ള ചെളിക്കുഴി, വഴുക്കുംപാറ, മയിലാടുംപാറ തുടങ്ങിയ പ്രദേശങ്ങളിലും കാട്ടാനയുടെ ശല്യം വളരെ രൂക്ഷമാണ്. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാം കാട്ടാനകൾ നാട്ടിലിറങ്ങി വ്യാപകമായി കൃഷി നശിപ്പിക്കുന്നതായും ജനവാസ പ്രദേശങ്ങളിലേക്ക് ഇറങ്ങി സ്ഥലവാസികൾക്ക് ഭയപ്പാടുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം തന്നെ തൃശ്ശൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ പട്ടിക്കാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ എന്നിവർ അതാത് സമയം പരിശോധന നടത്തി കാട്ടാനശല്യം ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്ഥല വാസികളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. ഇതിൽ വല്ലൂർ മുതൽ ചുള്ളിക്കാടുവരെയുള്ള അഞ്ച് കിലോമീറ്റർ ദൂരം പ്രവർത്തന ക്ഷമമാക്കി സൗരോർജ്ജ കമ്പികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് കിലോമീറ്റർ ദൂരം ഉദ്ദേശം രണ്ട് വർഷം മുമ്പും രണ്ട് കിലോമീറ്റർ ദൂരം ഒരു വർഷം മുമ്പും നിർമ്മിച്ചിട്ടുള്ളതാണ്. നിർമ്മിച്ച സ്ഥലത്തുതന്നെ സ്ഥലത്തെ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് സൗരോർജ്ജവേലിയുടെ പരിപാലനം അവരെ ഏൽപ്പിച്ചിട്ടുള്ളതാണ്. പക്ഷേ വള്ളിപ്പടർപ്പുകളും മറ്റും മൂടി വേലി പ്രവർത്തനക്ഷമമല്ലാതാകുന്നതായിട്ടാണ് കണ്ടത്. ഫയർ സ്റ്റേഷനിൽ സീസണിൽ വനംവകപ്പ് നിയോഗിച്ച വാച്ചർമാരുടെ സേവനം ഉപയോഗിച്ച് ഒരു പരിധിവരെ ഇത് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലനത്തിന് വനം വകപ്പിൽനിന്നും ഫണ്ട് അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. സ്ഥലം പരിശോധിച്ച വേളയിൽ പ്രദേശ വാസികളടങ്ങുന്ന കമ്മിറ്റിയോട് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഈ സൗരോർജ്ജ വേലികൾ വീണ്ടും പ്രവർത്തനക്ഷമമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ ചുള്ളിക്കാവുമുതൽ വെള്ളക്കാരിത്തടം വരെയും തുടർന്ന് താമരവെള്ളച്ചാൽ ആദിവാസി കോളനി വരെയുമുള്ള ഏഴ് കിലോമീറ്റർ ദൂരത്ത് പുതുതായി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനാവശ്യമായ പതിനഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഭാഗത്ത് നിർമ്മിക്കുന്ന സൗരോർജ്ജ വേലി

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കൾ വേണ്ടത്ര വിധത്തിൽ പരിപാലിക്കുന്നതോടെ ഈ ഭാഗത്തെ കാട്ടാനശല്യം പരിഹരിക്കാൻ കഴിയും. തൃശ്ശൂർ വനം ഡിവിഷനിലേക്ക് 2015 -2016 വർഷത്തെ വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി ഏഴ് ലക്ഷം രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിലുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് 75 അപേക്ഷകൾ ലഭിച്ചതിൽ 30 അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കുകയും ബാക്കി 45 എണ്ണം തീർപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്.

ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നം സാമ്പത്തിക ക്ലേശമാണ്. എല്ലാ സ്ഥലങ്ങളിലും സൗരോർജ്ജ വേലി വേണം, കിടങ്ങുവേണം, മതിൽവേണം എന്നുള്ള പൊതുവായിട്ടുള്ള ആവശ്യമുണ്ട്. ആ ആവശ്യം വളരെ ന്യായവുമാണ്. കേരളത്തിന്റെ ഏകദേശം മൂന്നിലൊന്ന് ഭൂഭാഗം വനമാണ്. അവിടെ ആവശ്യമായ സ്ഥലങ്ങളിലെല്ലാം സൗരോർജ്ജ വേലി കെട്ടുകയോ അല്ലെങ്കിൽ കിടങ്ങ് കുഴിക്കുകയോ മതിൽ കെട്ടുകയോ ചെയ്യണമെങ്കിൽ വമ്പിച്ച ഒരു തുക വേണം. അതിന്റെ ലഭ്യതയുടെ കുറവാണ് നമുക്കുണ്ടാകുന്ന പ്രശ്നം. ഏതായാലും ബഹുമാനപ്പെട്ട എം. പി. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ഗൗരവത്തോടെ ഗവൺമെന്റ് ഇക്കാര്യം നോക്കുന്നതാണ്.

ഇതോടൊപ്പം തന്നെ ഒരു മുവശം കൂടിയുണ്ട്. ഇന്ന് മലയാള മനോരമ പത്രത്തിൽ കാട്ടാനകളെ വേട്ടയാടുന്ന ഒരു സംഘം ഇവിടെ പ്രവർത്തിക്കുന്നതായി ഒരു വാർത്ത കണ്ടു. ഗവൺമെന്റ് ആ കാര്യം വളരെ ഗൗരവപൂർവ്വമായി എടുക്കുകയാണ്. മാത്രമല്ല, ശ്രീ. സുരേന്ദ്രകുമാർ എ.പി.സി.സി. ഓഫ് വിജിലൻസിനെ ഞാൻ ആ സ്ഥലത്തേക്ക് അയച്ചിട്ടുണ്ട്. പത്ത് ദിവസത്തിനകം റിപ്പോർട്ട് തരണമെന്നാണ് പറഞ്ഞിട്ടുള്ളത്. ആ കേസ് വളരെ ശക്തമായി കൊണ്ടുപോകുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

4. താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, രണ്ടുമൂന്ന് വർഷമായി, നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു വിഷയമാണ് ഞാനിവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. കൊട്ടാരക്കര മൈലം പഞ്ചായത്തിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരികെ കിട്ടാത്തതുകൊണ്ട് അവിടെ വലിയ തോതിൽ സമരങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ ബാങ്കിൽ ക്രമക്കേടുകൾ വരുത്തിയവർ ആരുതന്നെയായാലും അവർക്കെതിരെ കർശന നടപടിയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ കയ്യിൽനിന്നും പണം